**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2350** **30-09-2025 - ൽ മറുപടിയ്ക്ക്**

**ഇ-പോസ് യന്ത്രസംവിധാനത്തിലെ മാറ്റങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | റേഷൻ വിതരണത്തിനുള്ള ഇ-പോസ് യന്ത്രസംവിധാനത്തിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; ഇതിന്റെ അറ്റകുറ്റപ്പണി കരാർ ഇപ്പോഴും നിലവിലുണ്ടോ; എന്നാണ് കരാർ നിലവിൽ വന്നത്; ഈ കരാർ പലവട്ടം പുതുക്കി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഇല്ല. 10.09.2025 -ൽ Annual Maintanance Contract (AMC) പുതുക്കി work order നൽകിയിട്ടുണ്ട്. കേന്ദ്രസർക്കാർ നിർദ്ദേശപ്രകാരം L0 ഡിവൈസിൽ നിന്നും L1 ഡിവൈസിലേക്ക് മാറ്റുന്നതിനുള്ള വ്യവസ്ഥകൾ പുതുക്കിയ കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആദ്യത്തെ മൂന്ന് വർഷം വാറണ്ടി വ്യവസ്ഥയിലും, തുടർന്നുള്ള രണ്ട് വർഷം AMC വ്യവസ്ഥയിലുമായി 01.06.2018 മുതലാണ് കരാർ നിലവിൽ വന്നത് . AMC കരാർ കാലാവധി 31.05.2023-ൽ അവസാനിച്ച സാഹചര്യത്തിൽ നിലവിലെ കരാർ കമ്പനിയായ M/s Linkwell Telesystems pvt Ltd ന് വിവിധ ഘട്ടങ്ങളിലായി 01.06.2023 മുതൽ 31.8.2025 വരെ AMC തുകയിൽ വർദ്ധനവ് വരുത്താതെ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. |
| (ബി) | കരാർ നിരക്കുകൾ പുതുക്കുന്നത് സംബന്ധിച്ച ടെണ്ടർ നടപടികൾ മുൻപ് നടത്തിയ ശേഷം ഉപേക്ഷിക്കുകയുണ്ടായോ; അന്ന് ടെണ്ടറിൽ പങ്കെടുത്ത കമ്പനികളും അവർ ക്വോട്ട് ചെയ്ത തുകയും എത്രയാണ്; എന്തു കൊണ്ടാണ് ടെണ്ടർ നിർത്തിവച്ചത്; പുതിയ ടെൻഡർ ക്ഷണിച്ചിട്ടുണ്ടോ; അതിന്റെ വിശദാംശം വ്യക്തമാക്കാമോ; | (ബി) | ഉണ്ടായി. കരാർ കാലാവധി അവസാനിച്ചതിനെ തുടർന്നുണ്ടായ അടിയന്തിര സാഹചര്യത്തിൽ പുതിയ ടെണ്ടർ ക്ഷണിക്കുകയും, കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ M/s Linkwell Telesystems pvt Ltd.കമ്പനിയെ L1 ബിഡ്ഡറായി തിരഞ്ഞെടുക്കുകയും ചെയ്തെങ്കിലും ഭരണാനുമതി നൽകാത്തതിനാൽ ടെൻഡർ നടപടികൾ ഉപേക്ഷിക്കുകയാണുണ്ടായത്.<br><br>താഴെ പറയുന്ന കമ്പനികളാണ് അന്നത്തെ ടെണ്ടറിൽ പങ്കെടുത്തത്<br><br>**1. Senrysa Technologies pvt Ltd.**<br><br>**2. M/s Linkwell Telesystems pvt Ltd.**<br><br>**3. Integra Micro Systems pvt Ltd.**<br><br>30 കോടി Average networth ഉണ്ടായിരിക്കണം എന്ന മാനദണ്ഡം പാലിക്കാത്തതിനാൽ, Pre |

| | | | |
|---|---|---|---|
| | | | qualification evaluation ൽ Senrysa Technologies pvt Ltd സമർപ്പിച്ച ബിഡ് നിരസിച്ചിരുന്നു. വിവിധ കമ്പനികൾ ക്വാട്ട് ചെയ്ത തുക താഴെ ചേർക്കുന്നു .<br><br>**<u>1) L1 Bidder</u>**<br><br>M/s Linkwell Telesystems pvt Ltd -<br><br>**27,97,50,290 /-**<br><br>**<u>2) L2 Bidder</u>**<br><br>Integra Micro Systems pvt Ltd -<br><br>**28,67,17,450 /-**<br><br>03.06.2025 -ലെ സർക്കാർ ഉത്തരവ് നമ്പർ GO(Rt)No157/2025/F&CS പ്രകാരം ഭരണാനുമതി ലഭിച്ചതിനെ തുടർന്ന് Gem Portal മുഖേന പുതിയ ടെൻഡർ ക്ഷണിക്കുകയും ആയത് പ്രകാരം L1 Bidder ആയ M/s Linkwell Telesystems pvt Ltd നു work order നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | റേഷൻകടയിലെ ഇ-പോസ് യന്ത്രവും അളവുതൂക്ക യന്ത്രവും ബന്ധിപ്പിക്കാൻ പദ്ധതിയുണ്ടോ; ഇതിന്റെ നടപടികൾ ഏതു വരെയായി; ഇതിനായി തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ? | (സി) | ഉണ്ട്. റേഷൻ കടയിലെ ഇ-പോസ് യന്ത്രവും അളവുതൂക്ക യന്ത്രവും തമ്മിൽ ബന്ധിപ്പിക്കുന്നതിനായി ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുള്ളതും പ്രസ്തുത ടെണ്ടർ നടപടികൾ അവസാന ഘട്ടത്തിലുമാണ്. ഈ പദ്ധതിക്കായി 2025-26 സാമ്പത്തികവർഷം 10 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ